## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3066** **22-06-2012 - ലെ മറുപടിയ്ക്ക്**

### 'കുട്ടനാട് റേഡിയോ' പ്രക്ഷേപണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാണ്ടി | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കർഷകരെ സഹായിക്കുന്നതിന് പ്രഖ്യാപിച്ച 'കുട്ടനാട് റേഡിയോ' പ്രക്ഷേപണം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വെന്ന് വിശദമാക്കാമോ; | (എ) 'കുട്ടനാട് റേഡിയോ' നടത്തിപ്പിന്റെ ഭാഗമായി 2012 ഏപ്രിൽ മൂന്നിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 'കുട്ടനാട് റേഡിയോ പ്രോഗ്രാമിന്' അര മണിക്കൂർ ദൈർഘ്യമുള്ള പരിപാടികൾ ആഴ്ചയിൽ മൂന്ന് തവണ അഞ്ച് മണിക്കു ശേഷം പ്രക്ഷേപണം ചെയ്യുന്നതിനും ഒരു മാസത്തിൽ ആറ് മണിക്കൂർ പരിപാടികൾ മീഡിയം വേവിൽ പ്രക്ഷേപണം ചെയ്യുന്നതിനും തീരുമാനിച്ചു. മീഡിയം വേവിൽ പ്രക്ഷേപണം ചെയ്യുന്ന പരിപാടികൾ ആലപ്പുഴയിൽ എഫ്.എം. ചാനൽ ആരംഭിക്കുന്ന മുറയ്ക്ക് അതിലേയ്ക്ക് മാറ്റാവുന്നതാണെന്നും തീരുമാനിച്ചിട്ടുണ്ട്. കൃഷി വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനും കുട്ടനാട് പാക്കേജ് പ്രോജക്ട് ഡയറക്ടർ കൺവീനറും ആകാശവാണി സ്റ്റേഷൻ ഡയറക്ടർ, 'വയലും വീടും' പരിപാടിയുടെ പ്രോഗ്രാം എക്സിക്യൂട്ടീവ്, ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിക്കുവാനും തീരുമാനിച്ചു. |
| (ബി) ഫാം ഇൻഫർമേഷൻ ബ്യൂറോ യുടെ ആഭിമുഖ്യത്തിൽ കർഷക രുടെ സംശയങ്ങൾ ദുരീകരിക്കുന്ന തിന് ഫാം അഡ്വൈസറി മെസേ ജിംഗ് സംവിധാനം ആരംഭിച്ചിട്ടു ണ്ടോ; | (ബി) & (സി) ഉണ്ട്. കൃഷി വകുപ്പ് മുഖേന ഉൽപ്പന്നങ്ങളുടെ വില, കീടരോഗ നിവാരണ മാർഗ്ഗങ്ങൾ, കാലാവസ്ഥാ വ്യതിയാനങ്ങൾ, വിളപരിപാലന മാർഗ്ഗങ്ങൾ, കൃഷിയിറക്കുന്നതിന് അനുയോജ്യമായ സമയം, വിത്തുകളുടെയും മറ്റു കാർഷിക |

| | | | |
|---|---|---|---|
| (സി) | ഇല്ലെങ്കിൽ ഇത് ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | | സാമഗ്രികളുടെയും ലഭ്യത മുതലായ കാര്യങ്ങൾ കർഷകരെ മൊബൈൽ ഫോണിലൂടെ ശബ്ദ സന്ദേശങ്ങളായും എസ്.എം.എസ് ആയും അറിയിച്ചു കൊണ്ടിരിക്കുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞൻമാരും കൃഷി വകുപ്പിലേയും ഫാം ഇൻഫർമേഷൻ ബ്യൂറോയിലേയും ഉദ്യോഗസ്ഥൻമാരും യോജിച്ചാണ് കർഷകർക്കുള്ള സാങ്കേതിക സന്ദേശങ്ങൾ തയ്യാറാക്കുന്നത്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി മാനേജ്മെന്റ് - കേരള (IIITMK) യുടെ സാങ്കേതിക സഹായത്തോടു കൂടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്.<br><br>14-04-2012 (വിഷുദിനം) മുതൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. ആദ്യ ഘട്ടമായി എല്ലാ ചൊവ്വാഴ്ചകളിലും വെള്ളിയാഴ്ചകളിലും കാർഷിക പരിചരണ മുറകളെ സംബന്ധിച്ച് ശബ്ദ സന്ദേശങ്ങളും എസ്.എം.എസും കൃഷി ഭവനുകളിൽ മൊബൈൽ നമ്പർ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്ക് നൽകി വരുന്നു. |
| (ഡി) | കൃഷിഭവനും ഭൂവുടമയും ചേർന്നുള്ള കരാർ കൃഷി കുട്ടനാട്ടിൽ എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ടെന്നും ആയതിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (ഡി) | തരിശു ഭൂമിയിൽ കരാറടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനുള്ള ഒരു പദ്ധതി നടപ്പു സാമ്പത്തിക വർഷം ആർ.കെ.വി.വൈ സ്കീമിൽ ഉൾപ്പെടുത്തി അംഗീകരിച്ചിട്ടുണ്ട്. കർഷകനും ഭൂവുടമയും പഞ്ചായത്തും ചേർന്നാണ് ഉടമ്പടി ഒപ്പിടുന്നത്. നെല്ല്, വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗ വിളകൾ എന്നിവയാണ് കരാറടിസ്ഥാനത്തിൽ കൃഷി ചെയ്യുവാൻ ഉദ്ദേശിക്കുന്നത്. പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**